LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 29, ചൊവ്വ

നിയമസഭ 2003 ജൂലായ് മാസം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....

പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം

1 (*733) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സ്ഥാപനങ്ങൾ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ നിന്ന് ഏതൊക്കെ മേഖലകളിലാകും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വേറിട്ട് നിൽക്കുക എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി, ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ.

(എ) ഉണ്ട്. പ്രൊജക്ട് റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ തയ്യാറാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഒരു നോൺ അഫിലിയേറ്റിംഗ് ക്യാമ്പസ് സർവ്വകലാശാലയായി നിലനിർത്തുകയും നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാല, ക്യാമ്പസ് രഹിത അഫിലിയേറ്റിംഗ് സർവ്വകലാശാലയായി സ്ഥാപിക്കുവാനുമാണ് നിർദ്ദേശം.

ഡോ. തോമസ് ഐസക് : സർ, സംസ്ഥാനത്ത് പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതുപോലെതന്നെ മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യവും ഈ സഭയിൽത്തന്നെ പറഞ്ഞു. നമുക്ക് ഒരു സംസ്കൃത സർവ്വകലാശാലയുണ്ട്. മലയാളഭാഷയ്ക്കുവേണ്ടി സർവ്വകലാശാല വേണമെന്നുള്ള ഡിമാന്റുമുണ്ട്. ഇപ്രകാരം ഓരോ വിഷയങ്ങൾക്കും പ്രത്യേകം പ്രത്യേകം സർവ്വകലകളുടേയും ശാലകളായി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് അഭികാമ്യമാണെന്ന് തോന്നുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇങ്ങനെ ഒരു നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുന്നതിനു കാരണം നേരത്തെ ഉണ്ടായിരുന്നതിൽ കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നതാണ്. എൻജിനീയറിംഗ് കോളേജുകളുടെ എണ്ണംതന്നെ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 75 എൻജിനീയറിംഗ് കോളേജുകൾ മാത്രമുണ്ട്. ഇങ്ങനെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്ന ഈ ആശയത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്. ഇതര സംസ്ഥാനങ്ങളിലും ഇപ്പോൾ അത് നിലവിലുണ്ട്.

ഡോ. തോമസ് ഐസക് : സർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഒരു നോൺ അഫിലിയേറ്റിംഗ് ക്യാമ്പസ് സർവ്വകലാശാലയായി നിലനിർത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇന്നിപ്പോൾ അത് നോൺ അഫിലിയേറ്റിംഗ് സർവ്വകലാശാലയല്ല. അങ്ങു പറഞ്ഞ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ അഫിലിയേറ്റു ചെയ്തിട്ടുള്ള കോളേജുകൾ ഡി-അഫിലിയേറ്റു ചെയ്ത് പുതിയ സർവ്വകലാശാലയോടു ചേർത്ത് കൊച്ചി സർവ്വകലാശാലയെ മുഴുവൻ മുൻനിലയിൽ പുനഃസ്ഥാപിക്കുമെന്നാണോ അർത്ഥമാക്കേണ്ടത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഇപ്പോൾ അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയല്ല. Cochin University of Science and Technology ഇപ്പോൾ ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയായിട്ടാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഇപ്പോൾ അഫിലിയേറ്റിംഗ് ചെയ്തിരിക്കുന്നത് ഡി-അഫിലിയേറ്റ് ചെയ്യേണ്ട വിഷയം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ഓപ്ഷൻ പ്രകാരം ഈ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റാൻ ഉദ്ദേശമുണ്ടോ : ഇല്ലെങ്കിൽ ഇപ്പോൾ ഈ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരും സാങ്കേതിക സർവ്വകലാശാല വരുന്നതോടുകൂടി അധികമാകുന്നവരുമായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിരക്ഷിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റ് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആ ഘട്ടത്തിലേ ആയിട്ടുള്ളൂ. ഇതു സ്ഥാപിച്ചതിനുശേഷം വരുന്ന വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. തീർച്ചയായും ഈ വകകാര്യങ്ങൾ ആ സന്ദർഭത്തിൽ പരിഗണിക്കേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് തയ്യാറാക്കുന്ന ഒരു രേഖയനുസരിച്ചാണ് യൂണിവേഴ്സിറ്റിയുടെ വരും കാലഘട്ടങ്ങളിലെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകേണ്ടത്. അതിനാവശ്യമായ രേഖ തയ്യാറാക്കുമ്പോൾ ഇപ്പോൾ യൂണിവേഴ്സിറ്റികൾ നേരിട്ടുനടത്തുന്ന എൻജിനീയറിംഗ് കോഴ്സുകൾ, പരീക്ഷകൾ, എന്നിവ സാങ്കേതിക സർവ്വകലാശാലയുടെ പരിധിയിൽ കൊണ്ടുവരാനുള്ള കാര്യം ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഗവൺമെന്റ് ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. പുതിയ ടെക്നിക്കൽ. യൂണിവേഴ്സിറ്റി എന്നു പറയുമ്പോൾ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാംതന്നെ ആ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ അതിന്റെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ടത് ടെക്നിക്കൽ . യൂണിവേഴ്സിറ്റിയാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നോൺ അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയായി തുടരുമെന്ന് പറഞ്ഞു. ആ പ്രസ്താവന ശരിയാണെന്ന് തോന്നുന്നില്ല. കാരണം എന്റെ നിയോജകമണ്ഡലത്തിലുള്ള മണിയൂർ എൻജിനീയറിംഗ് കോളേജ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് അവരാണ് പരീക്ഷ നടത്തുന്നത്. ഒന്നുരണ്ട് എൻജിനീയറിംഗ് കോളേജുകളും അങ്ങനെയുണ്ട്. അത് എങ്ങനെയെന്നറിയില്ല. മന്ത്രി വ്യക്തമാക്കണം. ഇപ്പോൾത്തന്നെ കോഴിക്കോട് R.E.C, National Institute of Technology ആക്കി മാറ്റി. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് അഫിലിയേഷൻ മാറ്റി സ്വതന്ത്രമായ ഒരു ആട്ടോണമസ് കോളേജുപോലെ പ്രവർത്തിക്കുകയാണ്. യു.ജി.സി.-യുടെ പുതിയ നിബന്ധനകൾ പ്രകാരം ഇങ്ങനെ ഒട്ടനവധി കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെ വരുമ്പോൾ അത്തരം സ്ഥാപനങ്ങൾ ആട്ടോണമി അംഗീകരിച്ചുകൊടുക്കുന്ന സ്ഥാപനങ്ങൾ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഭാഗമായിട്ട് വരുമോ ? ഇതു സംബന്ധിച്ചുള്ള ഒരു സമഗ്രമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണോ ഇത്തരം ഒരു നിർദ്ദേശം ഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, അദ്ദേഹം മൂന്നു കാര്യങ്ങളാണ് ചോദിച്ചത്. ഒന്ന്, കൊച്ചിൻ യൂണിവേഴ്സിറ്റി അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. നിയമത്തിൽ അനുശാസിക്കുന്നത് കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയല്ല. അതിൽ നിന്നും വ്യത്യസ്തമായി എഞ്ചിനീയറിംഗ് കോളേജ് നടത്തുന്നുണ്ട്. കുട്ടനാട്ടിൽ I.H.R.D. -യുമായിട്ട് ബന്ധപ്പെടുത്തി നടത്തുന്ന സ്ഥാപനമായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത്. എന്തായാലും കൊച്ചിൻ യൂണിവേഴ്സിറ്റി ഒരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയല്ല. അതിന്റെ നിയമത്തിൽ അങ്ങനെയൊരു വ്യവസ്ഥയുമില്ല. അതൊരു ഇൻഡിപെൻഡന്റ് ക്യാമ്പസ് യൂണിവേഴ്സിറ്റിയായിട്ടുതന്നെ നിലനിർത്തുക എന്നുള്ളതാണ്. മറ്റൊന്ന് ആർ.ഇ.സി.യെ സംബന്ധിച്ചാണ്. അദ്ദേഹം പറഞ്ഞത്. റിജിയണൽ എൻജിനിയറിംഗ് കോളേജുകൾ എല്ലാ സ്റ്റേറ്റിലുമുണ്ട്. എല്ലാ സ്റ്റേറ്റുകളിലുമുള്ള ആർ.ഇ.സി.കൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേകമായ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത്. എഡ്യൂക്കേഷൻ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു ഇനമായതുകൊണ്ട് സെൻട്രൽ ഗവണ്മെന്റിനും സ്റ്റേറ്റ് ഗവണ്മെന്റിനും ഇതു സംബന്ധിച്ച് നിയമങ്ങളുണ്ടാക്കാനുള്ള അവകാശം ഉണ്ട്. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളെയെല്ലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരിക എന്നുള്ള ലക്ഷ്യമാണ് ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിലുള്ളത്.

ശ്രീ. മത്തായി ചാക്കോ: സർ, പുതിയ സാങ്കേതിക സർവ്വകലാശാല വരുമ്പോൾ കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടായി ലോകത്തുണ്ടായിട്ടുള്ള പുതിയ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായികവൽക്കരണത്തെ സഹായിക്കുന്ന രൂപത്തിലുള്ള കോഴ്സുകളും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താൻ കഴിയുന്ന തൊഴിലധിഷ്ഠിതമായ ഒരു സംവിധാനത്തിന് തയ്യാറാകുന്ന പ്രോജക്ട് റിപ്പോർട്ടിന് ഊന്നൽ നൽകാൻവേണ്ടി ബഹുമാനപ്പെട്ട ഗവണ്മെന്റും മന്ത്രിയും ശ്രദ്ധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മുടെ എഡ്യൂക്കേഷണൽ കോൺസപ്ടിൽ തന്നെ മാറ്റമുണ്ടായിട്ടുണ്ട്. ഇപ്പോൾത്തന്നെ കൺവെൻഷണൽ കോഴ്സസ് മാറ്റി. മറ്റു നിലയിലുള്ള കോഴ്സുകളിലേയ്ക്ക് വന്നിട്ടുണ്ട്. തീർച്ചയായും പുതിയ യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ ആധുനിക സൗകര്യങ്ങളുമായി പൊരുത്തപ്പെടത്തക്ക നിലയിലുള്ള കോഴ്സുകളും കോളേജുകളുമാണ് ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്.

ശ്രീ. പിരപ്പൻകോട് മുരളി: സർ, നിർദ്ദിഷ്ട സാങ്കേതിക യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഏതെങ്കിലും എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ : ആ കമ്മിറ്റിയാണോ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് : അങ്ങനെയാണെങ്കിൽ ആ കമ്മിറ്റിയിൽ ഉള്ളവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ആദ്യം പറഞ്ഞതാണ്. എക്സ്പേർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടില്ല. എക്സ്പേർട്ട് കമ്മിറ്റി എന്നുള്ളതല്ല ഗവണ്മെന്റിന്റെ പരിഗണനയിലുള്ളത്. സാമ്പത്തിക ചെലവില്ലാതെ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഒരു വ്യവസ്ഥയുമില്ലാത്ത രീതിയിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുകയാണ്. സാഹചര്യത്തിൽ ഈ നിർദ്ദിഷ്ട യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, കേരളത്തിലെ സ്ഥാപനങ്ങളെല്ലാം വ്യവസ്ഥകളില്ലാതെ പ്രവർത്തിക്കുന്നവയല്ല. നിയമങ്ങളും വ്യവസ്ഥകളും നിലവിലുണ്ട്. അത് പാലിക്കപ്പെടുന്നില്ലെങ്കിൽ വേറെ നടപടികൾ സ്വീകരിക്കേണ്ടിവരും. സ്വാഭാവികമായും ടെക്നിക്കൽ വിഷയങ്ങളെ സംബന്ധിച്ചും ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാടോടുകൂടി മാത്രമേ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്കുള്ള നിയമം നിർമ്മിക്കുകയുള്ളൂ. ആ സന്ദർഭത്തിൽ നിയമസഭയിൽ വന്നേ പാസ്സാക്കാൻ കഴിയൂ. നിയമസഭയിൽ പരിഗണനയ്ക്ക് വരുമ്പോഴും വിവിധ തലങ്ങളിൽ അതിനാവശ്യമായ പ്രിക്കോഷൻസ് എടുക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇങ്ങനെ ഓരോന്നോരോന്ന് ആവശ്യം വന്നപ്പോൾ അത് അംഗീകരിക്കുന്നതിനെ സംബന്ധിച്ചും കമ്മിറ്റി രൂപവൽക്കരിക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ചിന്തിക്കുകയാണെന്ന് പറഞ്ഞു. ടെക്നിക്കൽ ആയിട്ടുള്ളതിനും യൂണിവേഴ്സിറ്റി, ശാസ്ത്രീയകാര്യങ്ങൾക്കും യൂണിവേഴ്സിറ്റി. കാർഷിക മേഖലയ്ക്കും യൂണിവേഴ്സിറ്റി. അങ്ങനെ പറയുമ്പോൾ 'സർവ്വകലാശാല' എന്ന വാക്കിന്റെ അന്തസ്സത്ത അവസാനം wither away ആയി തീരുമോ : ഈ സർവ്വകലാശാലയുടെ പൊസിഷൻ എന്താകും ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ആദ്യമേ സൂചിപ്പിച്ചു കേരളത്തിൽ മാത്രമല്ല ഈയൊരു ആശയമുള്ളത്. അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങി ഇൻഡ്യയിലെ എട്ടൊമ്പത് സ്റ്റേറ്റുകളിൽ ഇതിനോടകംതന്നെ സാങ്കേതിക സർവ്വകലാശാല വന്നുകഴിഞ്ഞു. പൊതുവായ രീതിയിൽ ഒരു സർവ്വകലാശാല എന്നുപറയുമ്പോൾ അതിനകത്ത് മലയാളത്തിന്റെ ടെക്നിക്കൽ വേഡ്സ് മാത്രം എടുക്കേണ്ടതില്ല. ഓരോ ക്യാമ്പസും ഡെവലപ് ചെയ്തുവരുന്നതുപോലെതന്നെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേകമായിട്ടുള്ള പരിഗണന നൽകി നല്ല കോഴ്സുകൾ ഡെവലപ് ചെയ്യാനും ഈ സ്ഥാപനങ്ങൾ നന്നായി വരാനും അതിന്റെ നടത്തിപ്പും മറ്റു കാര്യങ്ങളും കൃത്യമായി കൊണ്ടുപോകേണ്ടത് ആവശ്യമാണെന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

തോന്നൽ ഗവൺമെന്റിന് ഉണ്ടായതുകൊണ്ടാണ് ഇതിനെ സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുവാൻവേണ്ടി നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ അനന്തര ഘട്ടത്തിലേയ്ക്ക് കടക്കുന്നതേയുള്ളു. തീർച്ചയായും പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ യൂണിവേഴ്സിറ്റി എന്നുള്ള കൺസെപ്റ്റ് നിലനിർത്തിക്കൊണ്ടു പോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, നമ്മുടെ രാജ്യത്തെ പല യൂണിവേഴ്സിറ്റികളിലും മൊത്തം ബഡ്ജറ്റിന്റെ 75 ശതമാനം ഭരണ കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. അക്കാഡമിക് കാര്യവും ഗവേഷണ കാര്യവും വിസ്മരിക്കുകയാണ്. ക്വാളിറ്റി ഇംപ്രൂവ്മെന്റിനെക്കാൾ ക്വാളിഫിക്കേഷൻ ഇംപ്രൂവ്മെന്റിന് പ്രാധാന്യം കൊടുക്കുന്ന ഇത്തരം യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമായി നമ്മുടെ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപനങ്ങൾക്കോ സ്ഥാപനങ്ങളിലെ ഒരു വകുപ്പിനോ അക്കാഡമിക്കായി സ്വയംഭരണം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, സ്വയംഭരണ കോളേജുകൾ എന്നുള്ള ആശയം കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇൻഡ്യയിൽ സ്വയംഭരണ കോളേജുകളുണ്ട്. ആട്ടോണമസ് കോളേജുകളെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നമ്മുടെ സംസ്ഥാനത്ത് വന്നതുകൊണ്ടാണ് ഇതുവരെ ഇംപ്ലിമെന്റ് ചെയ്യാതിരുന്നത്. സ്വയംഭരണ കോളേജുകൾ എപ്പോഴും നല്ലതാണെന്നാണ് അത് നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളത്. കേരളത്തിൽ ആ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു എന്നാണ് എനിക്കും തോന്നിയത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സാങ്കേതിക സർവ്വകലാശാലയെക്കുറിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞത്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏൽപ്പിച്ചുവെന്ന് പറഞ്ഞു. മെഡിക്കൽ സർവ്വകലാശാലയുടെ കാര്യവും ഇവിടെ പരാമർശിക്കപ്പെട്ടു. കേരളത്തിൽ കഴിഞ്ഞ രണ്ടുവർഷം മുമ്പ് ആരംഭിച്ച അമൃത മെഡിക്കൽ കോളേജ് ഈ പ്രാവശ്യം പ്രവേശനം പൂർത്തിയാക്കി അവർ തന്നെയാണ് മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നത്. പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റി ആക്കുന്നുവെന്ന് പരസ്യം ചെയ്തുകഴിഞ്ഞു. ഇപ്പോൾതന്നെ പ്രോസ്പെക്ടസ് അച്ചടിച്ച് വിതരണം ചെയ്തുകഴിഞ്ഞു. അങ്ങനെ വന്നാൽ സാങ്കേതിക സർവ്വകലാശാലയ്ക്ക് എന്താണ് പ്രസക്തി ? പ്രധാനപ്പെട്ട കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റിയായാൽ പിന്നെ സാങ്കേതിക സർവ്വകലാശാലയുടെ നിലനിൽപ്പും അതിന്റെ പ്രവർത്തനവും എന്തായിരിക്കും എന്ന് വിശദമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമുക്ക് സങ്കൽപ്പത്തിൽനിന്ന് കാര്യങ്ങൾ സംസാരിക്കുവാൻ സാധ്യമല്ല. ഡീംഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനും നടത്താനും നിലവിൽ നിയമമുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ അത് കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന സബ്ജക്ടാണ്. സ്വാഭാവികമായിട്ട് സംസ്ഥാന ഗവൺമെന്റിന് നിയമം പാസ്സാക്കാൻ ഇത് സംബന്ധിച്ച് സാധിക്കുന്നതാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

പശ്ചാത്തലത്തിൽ ഡീംഡ് യൂണിവേഴ്സിറ്റീസ് വരുന്നതും അവർക്ക് സ്ഥാപനങ്ങൾ നടത്താനുള്ള സൗകര്യങ്ങൾ കിട്ടുന്നതും നമുക്ക് നിരോധിക്കുവാൻ സാധ്യമല്ല. പക്ഷേ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, സംസ്ഥാന ഗവൺമെന്റ് എൻ.ഒ.സി. നൽകി, ഇവിടെ നിലവിലുള്ള അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റു ചെയ്ത് നടത്തിക്കൊണ്ടുവരുന്ന ഇൻസ്റ്റിറ്റ്യൂഷൻസിനെ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവന്ന് അവിടത്തെ ക്യാമ്പസ് ഡെവലപ് ചെയ്യാനും നല്ല കോഴ്സുകൾ നടത്താനും കോഴ്സുകൾക്കുവേണ്ട കരിക്കുലവും സിലബസും തയ്യാറാക്കുവാനും ഒക്കെയാണ്. ഇപ്പോൾതന്നെ മറ്റ് അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റി ചെയ്യുന്നതുകൊണ്ട് കോമണായിട്ടുള്ള കരിക്കുലം വരണമെന്നില്ല. സിലബസിലും പരീക്ഷകളുടെ നടത്തിപ്പിലും വ്യത്യാസം വരും. സാങ്കേതികമായിട്ടുള്ള വിഷയങ്ങളെല്ലാം ഒരു കരിക്കുലത്തിനു കീഴിൽ വരുകയും ഭംഗിയായി പരീക്ഷ നടത്തുകയും റിസൾട്ട് പുറത്തു കൊണ്ടുവരുകയും ചെയ്യുക എന്നതൊക്കെ ഈ പുതിയ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, പുതിയ സാങ്കേതിക സർവ്വകലാശാല തുടങ്ങുമെന്ന് ഗവൺമെന്റ് പറഞ്ഞു. ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കേരളത്തിൽ 75 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. നിലവിലുള്ള കോളേജുകളിലെ അക്കാഡമിക് നിലവാരം ഉയർത്തുവാനും, മൂന്നു വർഷം കഴിയുമ്പോൾ പതിനായിരക്കണക്കിന് എഞ്ചിനീയർമാർ പുറത്തുവരുന്ന സാഹചര്യത്തോടുകൂടി തൊഴിൽ സാധ്യതകൾക്ക് വേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് ഉന്നത നിലവാരമുള്ള ഒരു സാങ്കേതിക അഡ്വൈസറി കൗൺസിൽ ഗവൺമെന്റ് രൂപീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, എഞ്ചിനീയറിംഗ് ബിരുദം കഴിഞ്ഞ് പുറത്തുവരുന്നവർക്ക് തൊഴിലവസരങ്ങൾ ഗവൺമെന്റ് ഉറപ്പുവരുത്തണമെന്ന് പറയുന്നത് ശരിയാവില്ല. ഈ സ്ഥാപനങ്ങളിൽനിന്നും പുറത്തുവരുന്നവർക്ക് സെൽഫ് എംപ്ലോയ്മെന്റ് എന്നുള്ള ആശയവും അതിനകത്തുണ്ട്. ഇതിനുവേണ്ടി പ്രത്യേക കൗൺസിൽ ഉണ്ടാക്കേണ്ട കാര്യമില്ല. കാരണം ഒരു ആക്ട് വരുമ്പോൾ അതിൽ പറയുന്നതുപോലെ യു.ജി.സി.യുടെ നിർദ്ദേശപ്രകാരം എക്സിക്യൂട്ടീവ് കൗൺസിലോ ജനറൽ കൗൺസിലോ അതുപോലെ വേറെ ഏതെങ്കിലും രീതിയിലുള്ള സമിതികളോ ഈ യൂണിവേഴ്സിറ്റി നിയമത്തിൽ വേണമെന്ന് നമുക്ക് തോന്നുകയാണെങ്കിൽ തീർച്ചയായിട്ടും അപ്പോൾ ഇൻകോർപ്പറേറ്റു ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച് നിലപാടുകൾ സ്വീകരിക്കുവാൻ പോകുകയാണ്. കേരളാ ഗവൺമെന്റ് വിദേശ സാമ്പത്തിക സഹായത്തോടുകൂടി അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളെ ഒരുതരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാക്കി മാറ്റുകയാണ്. അതായത് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുപോലെ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളാക്കി രൂപപ്പെടുത്തി, പ്രത്യേകിച്ച് സൊസൈറ്റികളുടെ കീഴിൽകൊണ്ടുവന്ന് എല്ലാ സംവിധാനങ്ങളും ഗവൺമെന്റിൽനിന്നും മാറ്റി ഈ സാമ്പത്തിക സഹായം ആദ്യം ലഭിക്കും എന്ന കാഴ്ചപ്പാടോടുകൂടി നിലപാട് സ്വീകരിച്ചു. എന്റെ നിയോജകമണ്ഡലമായ കണ്ണൂർ എഞ്ചിനീയറിംഗ് കോളേജും തിരുവനന്തപുരം ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജും ആട്ടോണമസ് കോളേജാക്കി രൂപാന്തരപ്പെടുത്താൻ ശ്രമിച്ചപ്പോൾ യൂണിവേഴ്സിറ്റിയുടെ സാങ്കേതികമായ അഫിലിയേഷൻ ഇല്ലാതെ പരീക്ഷ നടത്തുന്നതും റിസൾട്ട് പ്രസിദ്ധീകരിക്കുന്നതും ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങൾക്കും അതാത് കോളേജുകളിൽതന്നെ സൗകര്യംകൊടുക്കുന്ന ഒരവസ്ഥയെക്കുറിച്ച് ആലോചിക്കുന്ന പശ്ചാത്തലത്തിൽ ഈ യൂണിവേഴ്സിറ്റിയുടെ മുഴീകരണവും ഇതിന്റെ ഭാഗമായിട്ട് ഇനി അങ്ങോട്ടുള്ള പ്രവർത്തനങ്ങളും എങ്ങനെയായിരിക്കും എന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ടോ ?

<u>ശ്രീ. ടി. എം. ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്, അദ്ദേഹം സൂചിപ്പിച്ചത് ആട്ടോണമസ് കോളേജുകളെ സംബന്ധിച്ചാണ്. ആ സ്ഥാപനത്തിന് ആട്ടോണമി കൊടുത്തുകഴിഞ്ഞാൽ അതിന്റെ കരിക്കുലം, സിലബസ്, പരീക്ഷ നടത്തിപ്പ്, ഡിഗ്രി അവാർഡു ചെയ്യൽ ഇതെല്ലാം ആ ആട്ടോണമിയുടെ കീഴിൽ അതിന്റെ ഭാഗമായിട്ട് വരുന്നതാണ്. ഇവിടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, ഒരു പുതിയ സാങ്കേതിക സർവ്വകലാശാലയും ആ സർവ്വകലാശാലയുടെ കീഴിൽ - നമ്മുടെ സംസ്ഥാനത്ത് ഇന്ന് മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഒക്കെ ഡീ അഫിലിയേറ്റുചെയ്ത് ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവന്ന് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് കുസാറ്റ് യൂണിവേഴ്സിറ്റിയായ കൊച്ചിൻ യൂണിവേഴ്സിറ്റിയെക്കുറിച്ചും അതോടൊപ്പം ഷേപ്പ് മാറിക്കൊണ്ടിരിക്കുന്ന സർവ്വകലാശാലകളെക്കുറിച്ചും പറയുകയുണ്ടായി. അഫിലിയേറ്റഡ് കോളേജുകളെകണ്ട് പഠിക്കേണ്ടിവരുന്ന കേരളാ യൂണിവേഴ്സിറ്റി, ഇപ്പോൾ വലിയ സ്വാശ്രയ സ്ഥാപനം നടത്തുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി കുസാറ്റ് യൂണിവേഴ്സിറ്റിയാണ്. പക്ഷേ അവർ കുസാറ്റിനു പുറത്ത് സ്ഥാപനങ്ങൾ നടത്തുകയാണ്. അങ്ങനെ ഷേപ്പ് മാറിക്കൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റികളാണ് കേരളത്തിലുള്ളത്. ക്വാളിറ്റിയാണ് പ്രധാനപ്പെട്ട ലക്ഷ്യം എന്നതിൽനിന്ന് അവർ മാറുകയാണ്. ഇൻഡ്യയിലെ റേറ്റിംഗ് നോക്കിയാൽ കേരളത്തിലെ യൂണിവേഴ്സിറ്റിയുടെ നിലവാരം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; സെൻട്രൽ യൂണിവേഴ്സിറ്റി പോലുള്ള സർവ്വകലാശാലകൾ നമുക്ക് കിട്ടുന്നതിന് മാർഗ്ഗമുണ്ടോ; ഐ.ഐ.എം.പോലെ ആരംഭിക്കുവാൻ കഴിയുന്ന മറ്റ് പുതിയ സ്ഥാപനങ്ങളെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി നിലനിൽക്കുക എന്നത് ഏറ്റവും ആവശ്യമായ സംഗതിയാണ്. അഖിലേൻഡ്യാ തലത്തിൽ പരീക്ഷ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് എന്റെ കൈവശമുണ്ട്. അത് വളരെ ഡീറ്റെയിൽഡായിട്ട് പറയുന്നില്ല. നമ്മുടെ കുട്ടികളുടെ പെർഫോമൻസ് കംപാരിറ്റിവ്‌ലി കുറഞ്ഞുവരുന്നു എന്നാണ് സ്റ്റാറ്റിസ്റ്റിക്സ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതുകൊണ്ട് ക്വാളിറ്റി എൻഷ്വർ ചെയ്യുക എന്നത് ആവശ്യമാണ്. അതിനുവേണ്ടി ഒരു പുതിയ രൂപം അല്ലെങ്കിൽ കുറച്ചുകൂടി സ്ട്രെസ്സ് ഈ രംഗത്ത് കൊടുക്കുവാൻ വേണ്ടിയാണ് ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നുള്ള കൺസെപ്റ്റ് ഇൻവോൾവ് ചെയ്തിരിക്കുന്നത്. അതു വരുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം. അല്ലാതെ നിലവിലുള്ള യൂണിവേഴ്സിറ്റികൾക്ക് ക്വാളിറ്റി എൻഷ്വർ ചെയ്യാൻവേണ്ടി നടപടികൾ സ്വീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അവരുടെ ഭരണ സമിതികൾക്ക് അതിനെക്കുറിച്ച് ആലോചിക്കാനും കരിക്കുലത്തിൽ മാറ്റംവരുത്താനുമൊക്കെയുള്ള അധികാരം ഉണ്ട്. അതിനകത്താന്നും ഗവൺമെന്റിന് കൺട്രോൾ ഇല്ല. ഇപ്പോൾ യൂണിവേഴ്സിറ്റി ഡിഗ്രി നല്ല ഡിഗ്രിയാണെന്ന് മറ്റുള്ളവർ അംഗീകരിക്കുവാനും അത് ക്വാളിറ്റിയുള്ളതാണെന്നും നമ്മുടെ കുട്ടികൾ നന്നായി പഠിക്കുന്നുണ്ടെന്നും നല്ല സ്റ്റാൻഡേർഡ് പുലർത്തുന്നു എന്നുറപ്പുവരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് യൂണിവേഴ്സിറ്റികളാണ്. അതിന് അവർക്ക് പ്രത്യേകമായി നിർദ്ദേശം കൊടുക്കാം.

ശ്രീ. രാജു എബ്രഹാം. : സർ, സാങ്കേതിക മികവിന്റെ കാര്യത്തിൽ എൻജിനീയറിംഗ് കോളേജുകൾ പിറകിലാണെന്ന് അങ്ങ് ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ നമ്മുടെ സ്റ്റേറ്റിൽ നിന്നും പി. എച്ച്. ഡി. എടുത്തിട്ടുള്ള ഒരു പ്രൊഫസർ പോലും ഇല്ലാത്ത ഒരവസ്ഥയാണ്. ഗവേഷണ രംഗത്ത് നമുക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിയണം. 'ന്യൂറൽ നെറ്റ് വർക്ക്' എന്ന ഏറ്റവും ആധുനികമായിട്ടുള്ള ഒരു സമ്പ്രദായത്തെപ്പറ്റി നമ്മുടെ കോളേജുകളിൽ ആലോചിക്കാൻപോലും പറ്റാത്ത അവസ്ഥയാണ്. അതിന് സാങ്കേതിക സർവ്വകലാശാല വേണമെന്നില്ല. അതിനുള്ള സംവിധാനങ്ങൾ നമ്മുടെ സ്റ്റേറ്റിൽ ഉണ്ടാക്കുകയാണ് വേണ്ടത്. അതിന് ആധുനികമായിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, എഡ്യൂക്കേഷന്റെ ഒരു സെമിനാറിൽ ഡിസ്ക്കസ് ചെയ്യേണ്ട വിഷയങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയരണം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതിന് യൂണിവേഴ്സിറ്റികൾ മതിയോ എന്നു ചോദിച്ചാൽ മാത്രം പോരാ. യൂണിവേഴ്സിറ്റികളുടെ നടത്തിപ്പ്, പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ക്വാളിറ്റി, എന്നിവ യു.ജി.സി. ഇപ്പോൾ ഇൻസിസ്റ്റ് ചെയ്തു

പറയുന്നുണ്ട്. യു.ജി.സി.-യുടെ നിബന്ധനപ്രകാരം ഇപ്പോഴുള്ള എല്ലാ കോളേജുകളിലും, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എടുത്താലും അവിടേയും അദ്ധ്യാപകർ പോസ്റ്റ് ഗ്രാഡ്വേറ്റ്സ് ആയിരിക്കണം. അവർക്ക് ഡോക്ടറേറ്റ് ഉണ്ടാകണം, അല്ലെങ്കിൽ എം.ഫിൽ ഉണ്ടായിരിക്കണം ഇങ്ങനെ ചില നിബന്ധനകൾ അവർ വളരെ ശക്തമായി പറയുന്നത് നല്ല നിലവാരം ഉണ്ടാകാൻ വേണ്ടിയാണ്. അത് സ്ഥാപിച്ചെടുക്കുക എന്നുള്ളത് സ്റ്റേറ്റിന്റെ പൊതുവായ ആവശ്യമാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നാമുണ്ടാക്കുന്ന സ്ഥാപനങ്ങൾ നാമാഗ്രഹിക്കുന്ന ലക്ഷ്യത്തിൽ നിന്ന് വളരെയേറെ വഴിമാറിപ്പോകുകയാണ്. കൊച്ചി സർവ്വകലാശാല ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയാണെന്ന് ഇവിടെ പറയുകയുണ്ടായി. പക്ഷേ അവരിപ്പോൾ സെന്റേഴ്സ് തുടങ്ങി, അഫിലിയേഷനും കൊടുത്തുതുടങ്ങി. അതുപോലെസംസ്കൃത പഠനത്തിനും അതിന്റെ വികാസത്തിനും വേണ്ടി ആരംഭിച്ച സംസ്കൃത സർവ്വകലാശാലയ്ക്ക് ഇപ്പോൾ യു.ജി.സി.-യുടെ അംഗീകാരം ലഭിക്കുകയില്ല എന്ന നിലവാരത്തിലേയ്ക്ക് എത്തിയിരിക്കുന്നു. അതുകൊണ്ട് സാങ്കേതിക സർവ്വകലാശാല ആരംഭിക്കുമ്പോഴെങ്കിലും അതിലെ ലക്ഷ്യങ്ങളിൽ നിന്ന് വഴിമാറി പോകുകയില്ലെന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറപ്പു നൽകാൻ കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ലക്ഷ്യത്തിൽ നിന്ന് വഴി മാറിപ്പോകരുത്. 1986-ലാണ് കൊച്ചിൻ സയൻസ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി നിയമം നമ്മുടെ നിയമസഭ പാസ്സാക്കിയത്. അതിനുമുമ്പ് കൊച്ചിൻ യൂണിവേഴ്സിറ്റിയായിരുന്നു. 1986-ൽ ഈ നിയമം പാസ്സാക്കുമ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റി ആയിരിക്കണമെന്നും അവിടത്തെ മറ്റു ഡിപ്പാർട്ടുമെന്റുകൾ ഉന്നത നിലവാരമുള്ളതാക്കി നിലനിർത്തണമെന്നുമാണ് നമ്മൾ ആഗ്രഹിച്ചത്. പിന്നീട് സബ്സിഡിയറ്റായിട്ട് വന്ന ഭരണസമിതികളാണ് അതിൽ ചില വ്യത്യാസങ്ങൾ വരുത്തിയത്. ഇതിനകത്ത് ചില സെക്ഷൻസ് misinterpret ചെയ്തു എന്നാണ് എനിക്കു തോന്നുന്നത്. അതിൽ നിന്ന് ഒരു വ്യതിയാനം വരുത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയെ സംബന്ധിച്ച് പറഞ്ഞതും, യു.ജി.സി. നിർദ്ദേശിക്കുന്ന നോംസ് അംഗീകരിച്ചില്ലെങ്കിൽ യു.ജി.സി. ഒരിക്കലും യൂണിവേഴ്സിറ്റികളെ അംഗീകരിക്കാൻ തയ്യാറാകുകയില്ല. അത് all India pattern ആണ്. All India level-ൽ അവർ എടുത്തിരിക്കുന്ന തീരുമാനമാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ യു.ജി.സി.-യുടെ നിബന്ധനകൾ അംഗീകരിക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ സാങ്കേതിക സർവ്വകലാശാല തുടങ്ങുന്ന കാര്യം ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന ഗവൺമെന്റാണിത്. സംസ്ഥാനത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കാൻ ആലോചിക്കുന്ന സന്ദർഭത്തിൽ ഈ ഉദ്ദേശം മുൻനിർത്തിക്കൊണ്ട് ടെക്നിക്കൽ സ്കൂളുകൾ, തൊഴിലധിഷ്ഠിത സ്കൂളുകൾ ധാരാളമായി അനുവദിച്ചു, പ്രത്യേകിച്ച് അങ്ങ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ. ഇന്ന് അതെല്ലാം ശോച്യാവസ്ഥയിലാണ്, കെട്ടിടമില്ല, സ്ഥലവുമില്ല. ഈ കാര്യങ്ങൾ ആലോചിക്കുന്ന കൂട്ടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ടെക്നിക്കൽ സ്കൂളുകളുടെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് കൂടി ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, ടെക്നിക്കൽ സ്കൂളുകൾ വൊക്കേഷണൽ സബ്ജക്ട്സ് പഠിപ്പിക്കാൻ വേണ്ടി നമ്മൾ ഉദ്ദേശിച്ചതാണ്. അങ്ങനെ ആരംഭിച്ച ടെക്നിക്കൽ സ്കൂളുകൾ പിന്നീട് സബ്സിഡിയറ്റായി പോളിടെക്നിക്കുകളാക്കി ഡിപ്ലോമാ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റണമെന്ന് നമ്മൾ ഉദ്ദേശിച്ചിരുന്നു. അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസും വർദ്ധിപ്പിച്ചെടുക്കണമെന്ന് ആഗ്രഹിച്ചതാണ്. പക്ഷേ ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനതയും പരിമിതികളുമാണ് ടെക്നിക്കൽ സ്കൂളുകൾ നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. ടെക്നിക്കൽ സ്കൂളുകൾ ആരംഭിച്ച സങ്കൽപ്പവും ലക്ഷ്യവും ഇപ്പോഴും പ്രസക്തമാണ്. അതുകൊണ്ട് അതു നന്നാക്കിക്കൊണ്ട് പോകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീ. സി. കെ. നാണു : സർ, എൻജിനീയറിംഗ് മേഖലയിൽ കൂടുതൽ സ്വാശ്രയ കോളേജുകൾ ഉണ്ട്. നിലവിലുള്ള സർക്കാർ കോളേജുകൾ പോലും സ്വാശ്രയ സ്വഭാവത്തിലേയ്ക്ക് മാറ്റുന്ന അവസരത്തിൽ, പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി അവസരത്തിൽ നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ നടക്കുന്നതുപോലെ, മെരിറ്റടിസ്ഥാനത്തിൽ, കഴിഞ്ഞ കാലത്ത് കേരളത്തിൽ ലഭിച്ചിരുന്ന റിസർവേഷൻ നിലനിർത്താൻ, വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് നിലനിർത്താൻ സാധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, എയ്ഡഡ് കോളേജാണെങ്കിലും സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസാണെങ്കിലും മെരിറ്റും മാനേജ്മെന്റ് ക്വാട്ടായും നമ്മൾ ഇൻസിസ്റ്റ് ചെയ്ത് നടപ്പിലാക്കുന്നുണ്ട്. എൻജിനീയറിംഗ് കോളേജുകളെ സംബന്ധിച്ച് ഇപ്പോൾ അതു പ്രശ്നമായി വന്നിട്ടില്ല. മെരിറ്റിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടണം. അതുപോലെ, മാനേജ്മെന്റ് ക്വാട്ടയും മറ്റു കാര്യങ്ങളും നിശ്ചയിക്കപ്പെടണം. അതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. എൻജിനീയറിംഗ് കോളേജുകളെ സംബന്ധിച്ച് ഇപ്പോൾ തർക്കവിഷയം ആയിട്ടില്ല. ഇപ്പോൾ നിലനിൽക്കുന്ന രീതിയിൽ മെരിറ്റടിസ്ഥാനത്തിൽ, ഗവൺമെന്റ് നിശ്ചയിക്കുന്ന അത്രയും സീറ്റുകളിൽ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കണമെന്നുള്ളത് ഏതു സന്ദർഭത്തിലും ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. പുതിയ യൂണിവേഴ്സിറ്റി വരുമ്പോഴാണെങ്കിലും, പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോഴാണെങ്കിലും ഇപ്പോഴത്തെ നിലയിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പഴയ തിയറ്റിക്കൽ എഡ്യൂക്കേഷനും ടെക്നിക്കൽ എഡ്യൂക്കേഷനും എന്ന സിസ്റ്റത്തിൽ നിന്ന് മാറി തിയറ്റിക്കൽ പ്ലസ് ടെക്നിക്കൽ എന്ന രീതിയിലേയ്ക്ക് മാറിയതിന് ഉദാഹരണമാണ് ഐ.എച്ച്.ആർ.ഡി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ. സാങ്കേതിക സർവ്വകലാശാലകളെക്കുറിച്ചുള്ള സങ്കൽപ്പ ചോദ്യങ്ങളേക്കാൾ അപ്പുറത്ത് നിലവിൽ ഏറെ പ്രാധാന്യത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ഐ.എച്ച്.ആർ.ഡി.-യെ സ്ട്രെംഗ്തെൻ ചെയ്യാനും അതിന്റെ കീഴിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാനും അതിനാവശ്യമായ ഗവൺമെന്റ് ഗ്രാന്റുകൾ കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഐ.എച്ച്. ആർ.ഡി. നടത്തിവരുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പല സന്ദർഭങ്ങളിലും ഡിസ്ക്കസ് ചെയ്തിട്ടുണ്ട്. ക്യാബിനറ്റിലും ചർച്ചയ്ക്ക് വന്നിട്ടുണ്ട്. ഐ.എച്ച്. ആർ.ഡി. ആരംഭിച്ചിരിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻസിന്റെ അതിന്റെ സ്റ്റാൻഡേർഡ് കീപ് അപ് ചെയ്ത് ഉയർന്നുവരണം. അതിനുള്ള നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ ആഗ്രഹിക്കുന്നത്. അതിനുശേഷമേ പുതിയ സ്ഥാപനങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നുള്ളൂ. ഐ.എച്ച്. ആർ.ഡി. സ്ഥാപനങ്ങളാണെങ്കിലും മറ്റ് സാങ്കേതിക സ്ഥാപനങ്ങളാണെങ്കിലും അതിന്റെ സ്റ്റാൻഡേർഡ് കീപ് അപ് ചെയ്യണമെന്ന കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. അത് എൻഷർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വ്യവസ്ഥയും വെള്ളിയാഴ്ചയും ഉണ്ടെന്ന് കർശനമായി പറഞ്ഞു. സന്തോഷമുള്ള കാര്യമാണ്. കൊച്ചി സർവ്വകലാശാല ആരംഭിച്ചപ്പോൾ ശാസ്ത്ര സാങ്കേതിക മേഖലയിലുള്ള ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുംവേണ്ടിയുള്ള സ്ഥാപനമായിരിക്കുമെന്ന് കൃത്യമായി സ്റ്റാറ്റ്യൂട്ടിലും ആക്ടിലുമെല്ലാം പറയുന്നുണ്ട്. അങ്ങനെയായിരിക്കേ അതിനു കീഴിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട അനവധി ഡിഗ്രി സ്ഥാപനങ്ങൾ ഉണ്ടായി. ഐ.എച്ച്. ആർ.ഡി.-യുടെ കീഴിൽ അടൂരുണ്ട്, ചെങ്ങന്നൂരുണ്ട്, തൃക്കാക്കരയുണ്ട്. അവിടെ ഞാൻ സിൻഡിക്കേറ്റ് അംഗമായിരുന്നു സിൻഡിക്കേറ്റിൽ ഈ യൂണിവേഴ്സിറ്റിക്ക് സവിശേഷമായിട്ടുള്ള സ്ഥാനം നിലനിർത്താൻ വേണ്ടിയുള്ള സമരത്തിൽ ഞാൻ പങ്കെടുത്തു. യൂണിവേഴ്സിറ്റിയുടെ സവിശേഷമായ സ്ഥാനം വീണ്ടെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ശ്രീ. ബിനോയ് വിശ്വം അവിടെ സിൻഡിക്കേറ്റ് മെമ്പറായിരുന്നു എന്നു പറഞ്ഞു. യൂണിവേഴ്സിറ്റികളെ സിൻഡിക്കേറ്റാണ് സംബന്ധിച്ച് പരമാധികാരി. ഗവൺമെന്റിന് വലിയ കൺട്രോൾ ഇല്ല. അപ്പോൾ നിങ്ങളെല്ലാം കൂടിയാണ് യൂണിവേഴ്സിറ്റിയെ വഴി തെറ്റിച്ചത്. വഴി തെറ്റിക്കാൻ പാടില്ലായിരുന്നു. കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റി നിയമം നിയമസഭയിൽ പൈലറ്റ് ചെയ്ത വ്യക്തി ഞാനാണ്. അതിനകത്ത് വളരെ ക്ലിയറായിട്ട് അതൊരു ക്യാമ്പസ് യൂണിവേഴ്സിറ്റിയാണെന്നും അഫിലിയേറ്റിംഗ് കോഴ്സ് ഇതിനകത്ത് പാടില്ല. വേറെ കോളേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

അഫിലിയേറ്റ് ചെയ്യാൻ പാടില്ല. എന്നൊക്കെപ്പറയുന്നുണ്ട്. ഒരു പർട്ടിക്കുലർ സെക്ഷൻ ഇന്റർപ്രെട്ട് ചെയ്താണ് അവർ ഇതിൽ വയലേഷൻ കൊണ്ടുവന്നത്. അവിടത്തെ ഭരണസമിതി കൊണ്ടു വന്നതാണ്. ഗവൺമെന്റിന് എന്തു ചെയ്യാൻ പറ്റും ? യൂണിവേഴ്സിറ്റികളുടെ ഭരണം നിയന്ത്രിക്കുന്നതും അതു നടത്തിക്കൊണ്ടുപോകുന്നതും സിൻഡിക്കേറ്റാണെന്നുള്ളത് അങ്ങേയ്ക്കും സഭയിലുള്ള അംഗങ്ങൾക്കും അറിയാവുന്നതാണ്. അവിടെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നത്. കോഴ്സുകളെ സംബന്ധിച്ചു റെക്കമെന്റ് ചെയ്യുന്നത്. കോഴ്സിന് ഫൈനൽ അഫിലിയേഷൻ കൊടുക്കുന്നത് എന്നിവയെല്ലാം സിൻഡിക്കേറ്റിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്. അക്കാഡമിക് കൗൺസിലുമുണ്ട്. യൂണിവേഴ്സിറ്റികൾ ചെയ്യേണ്ട ജോലികൾ കൃത്യമായി, നിയമപരമായി ചെയ്യാൻ അവർ തയ്യാറാകാത്തതിന്റെ ഭവിഷ്യത്തും ഉണ്ടായിട്ടുണ്ട്. അതു പരിഹരിക്കാനുള്ള നടപടി ഗവൺമെന്റിന് നിയമനിർമ്മാണം വഴി നടത്താനേ പറ്റൂ. യൂണിവേഴ്സിറ്റി നിയമത്തിലെ സെക്ഷൻ 6(2), 315 എന്നിവയുടെ ഇന്റർപ്രെട്ടേഷൻ ആണ് ഇതിനകത്ത് തകരാറുണ്ടാക്കിയിരിക്കുന്നത്. അതൊക്കെ പുതിയ യൂണിവേഴ്സിറ്റി നിയമം വരുന്ന സന്ദർഭത്തിൽ മാറ്റാനും നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് മുന്നോട്ടു വരുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, നിലവിലുള്ള സർവ്വകലാശാലകളുടെ സ്ഥിതി ഒട്ടും ആശാസ്യമല്ലാതിരിക്കുകയാണ്. വിദ്യാഭ്യാസവകുപ്പിനെക്കുറിച്ചുള്ള മറുപടി അഞ്ച് പഴയ അനുഭവം വച്ച് നല്ല രീതിയിൽ പറയുകയാണ്.

മി. സ്പീക്കർ : He got the papers only now.

ശ്രീ. കെ.സി. വേണുഗോപാൽ: സർ, അദ്ദേഹം കേരളത്തിലെ ഏറ്റവും നല്ല വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു.

മി. സ്പീക്കർ; ബന്ധപ്പെട്ട മിനിസ്റ്റർക്ക് സുഖമില്ലാതായത് ഇന്നു കാലത്താണ്. അതിനുശേഷമാണ് പേപ്പർ കൊടുത്തത്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, കണ്ണൂർ സർവ്വകലാശാലപോലുള്ള മറ്റു സർവ്വകലാശാലകൾ ഒട്ടേറെ ക്യാമ്പസുകൾ ഉൾപ്പെടുന്ന സർവ്വകലാശാലകളാണ്. എന്നാൽ കണ്ണൂർ സർവ്വകലാശാല 8 വർഷം കഴിഞ്ഞിട്ടും ഒരു ക്യാമ്പസും നിലവിൽ ഇല്ല. കഴിഞ്ഞ ദിവസമുണ്ടായ ഒരു അനുഭവം പറയുകയാണെങ്കിൽ സമയത്ത് പരീക്ഷാ റിസൽട്ട് പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് ഒരു മുൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മകൾക്കുപോലും ഉപരിപഠനം നഷ്ടപ്പെട്ടിരിക്കുകയാണ്. നിലവിലുള്ള സർവ്വകലാശാലകളിൽ പരീക്ഷാ നടത്തിപ്പും അക്കാഡമിക് വിഭാഗവും നന്നാക്കിയെടുക്കാതെ പുതിയ സർവ്വകലാശാല എന്ന ആശയം കേരളത്തിൽ നടപ്പാക്കുന്നത് ഗുണകരമാകുമോ എന്ന് ചിന്തിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ഒരു പൊതുകാര്യമാണ്. ഇപ്പോൾ യൂണിഫൈഡ് ആക്ട് കൊണ്ടുവരാൻ പോകുന്നു. അത് ഇന്നിവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സെഷനിൽ തന്നെ പാസ്സാക്കാൻ പോവുകയാണ്. അപ്പോൾ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചുള്ള നല്ല ചില പ്രൾനങ്ങൾ അത് മാറ്റിയെടുക്കാൻ നിയമം വഴി സാധിക്കും എന്നാണ് തോന്നുന്നത്. പല യൂണിവേഴ്സിറ്റികൾക്കും പല നിയമങ്ങളാണ്. അതെല്ലാംകൂടി ക്രോഡീകരിച്ച് ഒരു നിയമത്തിൻ കീഴിൽ കൊണ്ടുവരണം. ആ നിയമം വരുന്നതോടുകൂടി യൂണിവേഴ്സിറ്റികളുടെ ഭരണം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അദ്ദേഹം ചോദിച്ച രണ്ടാമത്തെ ഭാഗമെന്നു പറയുന്നത് ഇതുചെയ്യാതെ വേറൊരു കാര്യത്തിന് തുനിഞ്ഞിട്ട് കാര്യമുണ്ടോ എന്നാണ്. ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്ന് ഉദ്ദേശിക്കുന്നത് എന്താണെന്ന് ഞാൻ പറഞ്ഞു. ഇപ്പോൾ കേരളത്തിലുള്ള, 75 എഞ്ചിനീയറിംഗ് കോളേജുകൾ അതുപോലെ തന്നെ 25 എം.സി.എ. സ്ഥാപനങ്ങൾ, 7 മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ ഇതെല്ലാംസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇനിയും ഇത്തരം സ്ഥാപനങ്ങളുണ്ടാകണം. അങ്ങനെ വരുന്ന പശ്ചാത്തലത്തിൽ കൂടുതൽ ഫലപ്രദമായി സ്ഥാപനങ്ങളെ കൊണ്ടുപോകാൻ കഴിയത്തക്ക നിലയിലുള്ള ഒരു നിയമത്തെക്കുറിച്ചാണ് ഗവണ്മെന്റ് ആലോചിക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതായിട്ട് അങ്ങ് പറഞ്ഞു. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾ പലതും കാര്യക്ഷമമായി നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പോളിടെക്നിക്ക് എന്നു പറഞ്ഞാൽ 20 ഏക്കർ സ്ഥലമാണ് പറയുന്നത്. കേരളത്തിൽ പൊതുവെ ഭൂമി കിട്ടാൻ വിഷമമാണ്. ഒന്നിച്ചു കിട്ടുക എന്നുള്ളത് അതിലും വിഷമമാണ്. വളരെ വിദഗ്ദ്ധരായിട്ടുള്ള പല ആളുകളുമൊക്കെയായിട്ട് സംസാരിച്ചപ്പോൾ മനസ്സിലായത് യഥാർത്ഥത്തിൽ 10 ഏക്കർ, 12 ഏക്കർ മതി. എന്നാണ് അതു കണ്ടെത്തിനന്നായി ഇത്തരം സ്ഥാപനങ്ങൾ നടത്താൻ സഹായിക്കത്തക്ക നിലയിൽ ഗവൺമെന്റിന്റെ ഒരു ഇടപെടൽ ഉണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് രണ്ടായിട്ട് കാണേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ. തന്നെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എടുത്താൽ എൽ.പി.-ക്ക് ഒരേക്കർ, യു.പി.-യ്ക്ക് ഒന്നര ഏക്കർ, ഹൈസ്കൂളിന് 3 എന്നൊരു നിബന്ധനയുണ്ട്. റൂറൽ, ഏരിയയ്ക്കും അർബൻ ഏരിയയ്ക്കും പ്രത്യേകം സീലിംഗ് ഉണ്ടാക്കണമെന്നുള്ള കാര്യമാണ് ഗവൺമെന്റ് ആലോചിക്കുന്നത്. റൂറൽ ഏരിയായിൽ കൂടുതൽ സ്ഥലം കിട്ടുമെങ്കിൽ ക്യാമ്പസിന്റെ ഡെവലപ്മെന്റിനും ഭാവിക്കും അതു നന്നായിരിക്കും. അർബൻ ഏരിയായിൽ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ട് വരുന്ന സ്ഥലങ്ങളിൽ അതിന്റെ എക്സറ്റന്റ് കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, കൊച്ചി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയെ സംബന്ധിച്ച്, അങ്ങിവിടെ പറയുകയുണ്ടായി അത് പൂർണ്ണമായും ഇൻഡിപെൻഡന്റ് യൂണിവേഴ്സിറ്റിയാണ്. പക്ഷെ പിന്നിടുള്ള പ്രവർത്തനത്തിൽ അഫിലിയേറ്റഡ് യൂണിവേഴ്സിറ്റി എന്നുള്ള നിലയിൽ മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ആകെയുള്ള ഒരു ശാസ്ത്ര സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയാണ് കൊച്ചിയിലുള്ളത്. സാങ്കേതിക യൂണിവേഴ്സിറ്റി കൂടി പുതുതായി സ്ഥാപിക്കാതെ ഇപ്പോൾ നമ്മുടെ നിലവിലുള്ള കൊച്ചിൻ ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയെ ബലപ്പെടുത്തിയും വിപുലീകരിച്ചും സാങ്കേതിക യൂണിവേഴ്സിറ്റി എന്ന പദവിയിലേയ്ക്ക് കൊണ്ടുവരാനുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടെ ഉദ്ദേശിക്കുന്നതും നില്നിൽക്കുന്നതും രണ്ടും രണ്ടാണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയായിട്ടു മാത്രം നിലനിർത്തുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ പ്രൊപ്പോസ് ചെയ്യുന്ന അല്ലെങ്കിൽ ആലോചിച്ചുകൊണ്ടിരിക്കുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഒരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയാണ്. അപ്പോൾ അതു രണ്ടും രണ്ടായിട്ട്.... കൊച്ചിൻ യൂണിവേഴ്സിറ്റി അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു സ്ഥാപനമായി ഇപ്പോൾതന്നെ ഉയർന്നു വന്നിട്ടുണ്ട്. കൂടുതൽ ഉയർത്തിക്കൊണ്ടുവരിക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇപ്പോൾ ഇവിടെ സർക്കുലേറ്റ് ചെയ്ത ബില്ലിന്റെ 87-ാം ക്ലാസിൽ പറഞ്ഞിരിക്കുന്നത് സ്വയംഭരണ കോളേജുകളെ സംബന്ധിച്ചാണ്. ഞാനിത് വായിക്കുന്നില്ല. ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ, ഓർഡിനൻസുകളിലോ അതിൽ കീഴിലുണ്ടാക്കിയ റെഗുലേഷനിൽ എന്തു തന്നെ അടങ്ങിയിരുന്നാലും... ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. അങ്ങു പറഞ്ഞ മറുപടികൂടി ചേർന്നപ്പോൾ ഒരു വലിയ കൺഫ്യൂഷൻ ഉണ്ടായി. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയായിട്ട് നിലനിൽക്കുന്നത് എന്നാണ് അങ്ങ് പറഞ്ഞത്. ഈ മറുപടികൂടി കേട്ടപ്പോൾ എനിക്കുണ്ടായ കൺഫ്യൂഷൻ പരിഹരിക്കാൻ വേണ്ടി അങ്ങൊന്ന് വ്യക്തമാക്കണം. കാരണം പുളിങ്കുന്ന് പോലെയുള്ള ചില എഞ്ചിനീയറിംഗ് കോളേജുകൾ ഈ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്നതായിട്ടാണ് എന്നെപ്പോലെയുള്ള സാധാരണക്കാർ മനസ്സിലാക്കിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ അതിന്റെയൊരു പൊതു സ്ഥിതിയെന്താണ് ? ഈ യൂണിവേഴ്സിറ്റി സ്വതന്ത്രമാണെങ്കിൽ പിന്നെ എങ്ങനെ അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്ന സ്ഥിതി നിലവിലിരിക്കുന്നു എന്ന് ഒന്നു വിശദീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാനാദ്യം പറഞ്ഞ മറുപടി ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ ചോദ്യം എന്നോട് ചോദിക്കുകയില്ലായിരുന്നു. ഞാൻ പറഞ്ഞു, നമ്മുടെ സങ്കൽപ്പത്തിൽ നിന്നു വ്യത്യസ്തമായി കൊച്ചിൻ യൂണിവേഴ്സിറ്റി കുറച്ചു മുന്നോട്ടു പോയിട്ടുണ്ട്. ആ ഉണ്ടായ തെറ്റു തിരുത്തണം. അതു തിരുത്തി കൊച്ചിൻ യൂണിവേഴ്സിറ്റിയെ സയൻസ് ആന്റ് ടെക്നോളജി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയായിട്ട് നിലനിർത്തിക്കൊണ്ട് പുതുതായി വരാൻ പോകുന്ന യൂണിവേഴ്സിറ്റി ഇതുപോലെയുള്ള സ്ഥാപനങ്ങൾ അഫിലിയേറ്റ് ചെയ്ത് രണ്ടും രണ്ടായി വ്യക്തമായ ഉദ്ദേശ ലക്ഷ്യത്തോടുകൂടി മുന്നോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ കൺഫ്യൂഷൻ പുതിയ നിയമം നിലവിൽ വരുമ്പോൾ തീരും. അതുവരെ താൽക്കാലികമായിട്ട് തുടരും.

ശ്രീ. കെ. മോഹൻകുമാർ : സർ, നോബൽ സമ്മാനത്തിന് നിർദ്ദേശിക്കപ്പെട്ട നിരവധി കണ്ടെത്തലുകൾ ഒരു കാലഘട്ടത്തിൽ നമ്മുടെ സർവ്വകലാശാലയിൽ ഉണ്ടായിരുന്നു. ഇന്നിപ്പോൾ സർവ്വകലാശാല ഒരു പരാജയത്തിന്റെ കരിന്തിരിയാണ് ഉയർത്തുന്നത്. ഇവിടെ യാഥാർത്ഥ്യവും ലക്ഷ്യവും തമ്മിലുള്ള വൈരുദ്ധ്യമാണ് ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചത്. പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ ആറാറു മാസം കൂടുമ്പോൾ സിലബസ് വിജ്ഞാന വിസ്ഫോടനത്തിനനുസൃതമായി അപ്ഡേറ്റ് ചെയ്യാറുണ്ട്. നമ്മൾ ഇവിടെ പുതിയ സർവ്വകലാശാല സ്ഥാപിക്കുമ്പോൾ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തി അന്തർദ്ദേശീയ നിലവാരമുള്ള ഗവേഷണ സൗകര്യങ്ങളും അതിനനുസൃതമായ അദ്ധ്യാപകരേയും നിയമിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇതു വലിയൊരു പരാജയമായിപ്പോകും. ഈ മേഖലയിൽ ഗവൺമെന്റ് ശ്രദ്ധാപൂർവ്വം, ഇപ്പോഴുള്ള അക്കാഡമിക് കൗൺസിലിനേയും സിൻഡിക്കേറ്റിനേയും ഈ കാര്യം ഏൽപ്പിക്കാതെ, ഗവൺമെന്റുതന്നെ അന്തർദ്ദേശീയ സൗകര്യങ്ങൾ ഏർപ്പെടുത്താൻ മുൻകൈ എടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യത്തോട് യോജിപ്പില്ല. ആറാറു മാസം കൂടുമ്പോൾ പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ സിലബസ് പരിഷ്കരിക്കാറില്ല. അക്കാഡമിക് ഇയറിന്റെ ചെയ്ഞ്ചിൽ അപ്ഡേഷൻ നടക്കാറുണ്ട്. കരിക്കുലവും സിലബസും അപ്ഡേറ്റ് ചെയ്യണമെന്നുള്ളത് ഏറ്റവും വലിയ ആവശ്യമാണ്. പ്രത്യേകിച്ചും ശാസ്ത്ര സാങ്കേതിക രംഗത്ത്. അതിന്റെ ഡെവലപ്മെന്റ്സ് വളരെ വേഗത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് അറിയാൻ പാടില്ലാത്തവരല്ല നമ്മുടെ യൂണിവേഴ്സിറ്റികൾ ഭരിക്കുന്ന ആളുകൾ. അക്കാഡമിക് കൗൺസിലും സിൻഡിക്കേറ്റും. സെനറ്റുമാണ് അതിന്റെ ഫൈനൽ അതോറിറ്റിസ്. സെനറ്റാണ് അതിന്റെ ഫൈനൽ അതോറിറ്റിയായി യൂണിവേഴ്സിറ്റി വച്ചിരിക്കുന്നത്. അക്കാഡമിക് കൗൺസിൽ കാലാകാലങ്ങളിൽ അപ്ഡേഷൻ സംബന്ധിച്ച് പ്രൊപ്പോസ് ചെയ്യുകയും അതു നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കാൻ ഉതകുന്നതാണെങ്കിൽ സെനറ്റ് അത് അംഗീകരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് നിബന്ധന. അതാണ് നിയമങ്ങളിൽ പറയുന്നത്. അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് പ്രത്യേകമായിട്ട് പരിശോധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബിജോൺ : സർ, ഹയർ സെക്കന്ററി പാസ്സാകുന്ന 30% വിദ്യാർത്ഥികളും ഇപ്പോൾ എഞ്ചിനീയർമാരായി മാറുകയാണ്. അതുകൊണ്ടു തന്നെ തൊഴിൽ രഹിതരായ എഞ്ചിനീയർമാരുടെ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. കാരണം അവരൊക്കെ പഠിക്കുന്നത് ഔട്ട് ഡേറ്റഡ് കോഴ്സുകളാണ്. അതിന് കാലോചിതമായ മാറ്റം വന്നിട്ടില്ല. ഇതുകൂടാതെ തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനുവദിച്ച് അനേകം സ്വകാര്യ കോളേജുകളുണ്ട്. മന്ത്രി നേരത്തേ പറഞ്ഞു സൗകര്യങ്ങളുണ്ടെന്ന്. യാതൊരു സൗകര്യവുമില്ല. എനിക്കറിയാവുന്ന നിരവധി കോളേജുകളുണ്ട്. ഓഡിറ്റോറിയങ്ങൾ വാടകയ്ക്ക് എടുത്തു പ്രവർത്തിക്കുന്നവ. ഇതിനു മാറ്റം വരുത്തണം. ഇപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മറൈൻ എഞ്ചിനീയറിംഗിൽ ഒരു കോഴ്സ് തുടങ്ങി. എന്നാൽ അതിന് അനുമതി ലഭിച്ചില്ല. കഴിഞ്ഞ വർഷം globally competitive ആക്കാൻ വേണ്ടി, ജോയിൻ ചെയ്ത 30 വിദ്യാർത്ഥികൾ അതിനിപ്പോൾ അനുമതി കിട്ടാത്തതിന്റെ പരിണിത ഫലമായി വഴിയാധാരമായിരിക്കുകയാണ്. അവർ ആശങ്കയിലാണ്. ഇങ്ങനെയുള്ള നടപടികൾ ഒഴിവാക്കാൻ വേണ്ടി സമയബന്ധിതമായി എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി മാത്രമേ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കാവൂ എന്നുള്ള നിബന്ധന കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് ഞാൻ പറഞ്ഞില്ല സൗകര്യങ്ങളില്ലാത്ത നിരവധി സ്ഥാപനങ്ങളുണ്ട്. സൗകര്യം ഉണ്ടാക്കണം. അതിനു വേണ്ടി നിർബന്ധമായിട്ടും അനുശാസിക്കുമെന്നാണ് പറഞ്ഞത്. എ.ഐ.സി.ടി.ഇ. ആണല്ലോ അതിന്റെ നോംസും മറ്റു കാര്യങ്ങളുമൊക്കെ നിശ്ചയിക്കുക. സ്വാഭാവികമായിട്ടും കോഴ്സുകളെ സംബന്ധിച്ചും അതിന്റെ നടപടികളെ സംബന്ധിച്ചും ഒക്കെയുള്ള പരമാധികാരി യൂണിവേഴ്സിറ്റിയാണ്. അല്ലാതെ ഗവൺമെന്റ് അല്ല. ഗവൺമെന്റിന് ഈ കാര്യത്തിൽ എപ്പോഴും ഇന്റർഫിയർ ചെയ്യാൻ സാദ്ധ്യമല്ല. ഹയർ എഡ്യൂക്കേഷൻ രംഗത്ത് പ്രത്യേകിച്ചും യൂണിവേഴ്സിറ്റികളുടെ നടത്തിപ്പിൽ എപ്പോഴും ഗവൺമെന്റിന്റെ ഇന്റർഫിയറൻസ് ഉണ്ടാവാൻ പാടില്ല. ഇന്റർഫിയറൻസ് ഉണ്ടാകരുതെന്നതാണല്ലോ യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയെക്കുറിച്ച് നമ്മൾ എപ്പോഴും ചർച്ച ചെയ്യുന്നത്. ഈ ഓട്ടോണമി ഫലപ്രദമായിട്ട് അവർതന്നെ ഉപയോഗപ്പെടുത്തണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആശയത്തോടൊന്നും യോജിപ്പില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ബഹുമാനപ്പെട്ട മന്ത്രി അഫിലിയേറ്റഡ് യൂണിവേഴ്സിറ്റി എന്നു പറഞ്ഞു. പക്ഷേ കേരളത്തിലെ recognised കോളേജുകൾക്ക് ഡിഗ്രി അവാർഡു ചെയ്യുന്ന സമ്പ്രദായം കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ചില വകുപ്പുകളിൽ ഉണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ചെങ്ങന്നൂർ കോളേജിനടക്കം ഡിഗ്രി കൊടുക്കുന്നതും സിലബസടക്കമുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നതും പുതിയ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ധാരാളം ഉണ്ടാകുന്നതുകൊണ്ട് അതിന്റെ ഭവിഷ്യത്തുകൂടി കണക്കിലെടുത്ത് പുതിയ സർവ്വകലാശാല ഉണ്ടാക്കുമ്പോൾ അതിനാവശ്യമായ നിയന്ത്രണം ഏർപ്പെടുത്താൻ വ്യവസ്ഥകളുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, തീർച്ചയായും ആ കാര്യം പരിശോധിക്കും. ഇനി കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാകുന്നതുകൊണ്ട് ബുദ്ധിമുട്ടില്ല. self financing institutions കൂടുതൽ വന്നാൽ നല്ല നിലയിൽ നടത്തുന്നതിനും നല്ല ക്വാളിറ്റി നിലനിർത്തുന്നതിനും സഹായിക്കും. കാരണം നല്ല സൗകര്യങ്ങളുമുള്ള സ്ഥലങ്ങളിലേ കുട്ടികളെ രക്ഷിതാക്കൾ അയയ്ക്കൂ. അപ്പോൾ നല്ലൊരു കോമ്പറ്റീഷൻ അവിടെ വരും. അതുകൊണ്ടുതന്നെ ക്വാളിറ്റി കുറേക്കൂടി മെച്ചപ്പെടും. നന്നായി പ്രവർത്തിക്കാത്ത self financing institutions എല്ലാം കാലക്രമത്തിൽ അപ്രത്യക്ഷമാകേണ്ടിവരും. അതുകൊണ്ട് ഗവൺമെന്റ് ഈ സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കുമ്പോൾ ഉദ്ദേശിക്കുന്നത് വിദ്യാഭ്യാസം ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി അതിനകത്തുണ്ട്. അതുകൊണ്ടാണ് ഇങ്ങനെയൊരു പോളിസി ഗവൺമെന്റ് എടുത്തിരിക്കുന്നത്. തീർച്ചയായും അത്തരം സ്ഥാപനങ്ങളുടെ ക്വാളിറ്റി, അതുപോലെ മറ്റു സൗകര്യങ്ങൾ ഇതെല്ലാം ensure ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. കെ. ബാബു : സർ, കേരളത്തിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ മറ്റു പല സ്ഥലത്തും ഡീംഡ് യൂണിവേഴ്സിറ്റികൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസ് നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും കൺട്രോൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ? അതോടൊപ്പംതന്നെ ഈ യൂണിവേഴ്സിറ്റികൾ പലതും സംസ്ഥാനത്ത് വരുമ്പോൾ ഈ യൂണിവേഴ്സിറ്റികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളിലും ഭരണപരമായ കാര്യങ്ങളിലും യാതൊരുവിധ ഏകോപനവുമില്ലാതെ പോവുകയാണ്. ഇത് ഏകോപിപ്പിക്കാൻ എന്തെങ്കിലും സംവിധാനം വേണമെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ടോ. ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ആദ്യമേതന്നെ പറഞ്ഞു കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയമാണ് വിദ്യാഭ്യാസമെന്നുള്ളതുകൊണ്ടുതന്നെ ഡീംഡ് യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ വലിയ നിയന്ത്രണമൊന്നും ഗവൺമെന്റിന് ഏർപ്പെടുത്താൻ സാധ്യമല്ല. പൊതുവായി നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നല്ല നിലവാരമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനാവശ്യമായ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് പുതുതായി ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. മറ്റു സംസ്ഥാനങ്ങളിൽ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റി മറ്റു സംസ്ഥാനങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ മറ്റു സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായി പഠിക്കാൻ തയ്യാറാകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായി പഠിക്കാനും ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഒരു യൂണിവേഴ്സിറ്റി നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കാനും ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇതിനുവേണ്ടി നിയോഗിക്കപ്പെടുന്ന സ്പെഷ്യൽ ഓഫീസറോട് ഈ കാര്യങ്ങളെല്ലാം പരിശോധിക്കാൻ ഗവൺമെന്റ് ആവശ്യപ്പെടുന്നതാണ്. മറ്റു സ്റ്റേറ്റുകളിൽ ഇതെങ്ങനെ നടക്കുന്നു, ഇത് ഫലപ്രദമാണോ, നമുക്കിവിടെ ഏതെല്ലാം നിലയിലുള്ള മോഡിഫിക്കേഷനോടുകൂടി നടപ്പാക്കണം, തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ ഇതിനായി പഠിക്കാൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ ഏല്പിക്കുകയും അങ്ങനെ സമഗ്രമായ ഒരു റിപ്പോർട്ട് സബ്മിറ്റുചെയ്ത് ആ റിപ്പോർട്ട് മന്ത്രിസഭകൂടി പരിഗണിച്ചശേഷം ഇതിന്റെ അനന്തര നടപടികളിലേയ്ക്ക് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എ. വാഹീദ്: സർ, പോളിടെക്നിക്കുകളിൽ നടക്കുന്ന ഡിപ്ലോമാ കോഴ്സുകളിൽ പലതും ഡിഗ്രിക്ക് തത്തുല്യമായിട്ടുള്ളതാണ്. ഡിഗ്രിക്ക് തത്തുല്യമായിട്ടുള്ള ഈ ഡിപ്ലോമാ കോഴ്സുകളുടെ പരീക്ഷാ നടത്തിപ്പും കോഴ്സിന്റെ വിഷയങ്ങൾ തീരുമാനിക്കുന്നതും സാങ്കേതിക സർവ്വകലാശാലയുടെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഗവൺമെന്റിന് ആ റിപ്പോർട്ട് കിട്ടിയതിനുശേഷം അതേക്കുറിച്ച് ആലോചിക്കാം. പോളിടെക്നിക്കുകൾ നടത്തുന്ന ഡിപ്ലോമാ കോഴ്സുകൾ, ഇതിനകത്ത് കൊണ്ടുവരേണ്ടതുണ്ടോ എന്നുള്ള കാര്യം അടക്കമുള്ള വിഷയങ്ങൾ ഈ റിപ്പോർട്ട് കിട്ടിയതിനുശേഷം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ഡോ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതുപോലെ എല്ലാ വിഷയങ്ങളിലും ഊന്നൽ കൊടുത്തുകൊണ്ട് പ്രവർത്തിക്കേണ്ട ഒന്നാണ് സർവ്വകലാശാലകളെന്നുള്ള സങ്കല്പത്തിൽ നിന്നും വ്യതിചലിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് വരികയാണ്. ഇവിടെ ടെക്നിക്കൽ കോഴ്സുകൾ കാലഘട്ടത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക സ്ഥിതികൂടി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കുവാൻ തീരുമാനിച്ചത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി എന്നിവയുടെ ഭാഗമായി നടത്തുന്ന കോളേജുകളെ deaffiliate ചെയ്യാനുള്ള ശ്രമം നടത്തുന്നത് ആ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെ ബാധിക്കുന്ന ഒന്നല്ലേ? അതുകൊണ്ട് പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റികൾ ഉണ്ടാക്കുമ്പോൾ ആ നിലയിൽകൂടി ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ? യൂണിവേഴ്സിറ്റികൾ തന്നെ മാനേജ് ചെയ്യുന്ന, ഓൺ ചെയ്യുന്ന കോളേജുകളാണ്, അതല്ലാതെ അഫിലിയേറ്റഡോ recognised institution-നോ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, യൂണിവേഴ്സിറ്റികൾ തന്നെ ഓൺ ചെയ്യുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചാണ് അദ്ദേഹം ചോദിച്ചത്. പുതിയ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുമ്പോൾ അതിലേയ്ക്ക് അഫിലിയേറ്റ് ചെയ്തുകൊണ്ടുവരേണ്ട സ്ഥാപനങ്ങൾ ഏതൊക്കെയെന്നുള്ളത് തീർച്ചയായും ഈ പ്രോജക്ട് റിപ്പോർട്ടിൽ വന്നേ പറ്റുകയുള്ളൂ. ആ യൂണിവേഴ്സിറ്റി തനിച്ച് നടത്തിക്കൊണ്ടുപോകുന്ന സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റിതന്നെ നിലനിർത്തണമോ അതോ സാങ്കേതിക യൂണിവേഴ്സിറ്റിയിലേയ്ക്ക് കൊണ്ടുവരണമോ, അങ്ങനെ കൊണ്ടുവരുമ്പോൾ ഉണ്ടാകാവുന്ന അനുബന്ധ പ്രശ്നങ്ങൾ ഇതെല്ലാംതന്നെ ആ പ്രോജക്ട് റിപ്പോർട്ടിൽ വരും. റിപ്പോർട്ട് കിട്ടിയതിനുശേഷം വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പത്താംതരം പരീക്ഷ കഴിഞ്ഞ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും അവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ പഠിക്കുന്ന സ്ഥിതിയല്ല ഇന്നുള്ളത്. കിട്ടിയ കോഴ്സിന് പഠനം നടത്തുന്നു. ഇതു തന്നെയാണ് ഡിഗ്രികോഴ്സിന് പോകുമ്പോഴുമുള്ളത്. ഈ പഠനംകൊണ്ട് പല വിദ്യാർത്ഥികൾക്കും പഠിച്ചു എന്നതുതന്നെ ഒരു ഭാരമാകുന്നുണ്ട്. തൊഴിലധിഷ്ഠിതവും അഭിരുചിക്ക് ചേർന്നതുമായ വിദ്യാഭ്യാസം കൊടുക്കേണ്ടതിന്റെ ആവശ്യകത ഇന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ്: സർ, അത് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഇൻസ്റ്റിറ്റ്യൂഷനുകൾ കേരളത്തിൽ 1982-83 കാലഘട്ടത്തിൽ തന്നെ നമ്മൾ ആരംഭിച്ചത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലേയ്ക്ക് കുട്ടികൾ വരുന്നതിനുമുമ്പ് pre-vocational subjects പഠിക്കാമായിരുന്നു. സെക്കണ്ടറി തലത്തിൽ, എട്ടും ഒൻപതും പത്തും തലത്തിൽ തന്നെ pre-vocational subjects പഠിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരുന്നു. അതിനുവേണ്ടി ചില ട്രേഡുകൾ അന്നത്തെ പൊതു വിദ്യാഭ്യാസ വകുപ്പ് ഐഡന്റിഫൈ ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. പിന്നെ അതിന്റെ ഫോളോ അപ് കാര്യമായ നിലയിൽ വരാത്തതുകൊണ്ട് വന്നിരിക്കുന്ന പ്രശ്നമാണ്. ഓരോ കുട്ടിക്കും ആ കുട്ടിയുടെ അഭിരുചിക്കനുസരിച്ച് ഇഷ്ടമുള്ള ട്രേഡും തെരഞ്ഞെടുക്കാനും വൊക്കേഷണൽ സബ്ജക്ടുകളും തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥകൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നു. അത് കുറേക്കൂടി ഫലപ്രദമാക്കിക്കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം നമ്പർ 734. ചോദ്യം 743-നും ഇതുമായി ബന്ധമുണ്ട്. So you can answer both these questions.